വലിയ ബുദ്ധിമുട്ട്. അപ്പോഴും അതിന് ഒരു പരിഹാരമുണ്ടാകണമെന്നുണ്ടെങ്കിൽ പഴശ്ശിയിലെ ഡാമിൽ നിന്ന് വെള്ളം പമ്പുചെയ്ത് അഞ്ചരക്കണ്ടിപ്പുഴയിലേക്ക് കൊണ്ടുവരുമെങ്കിൽ അത് സാധിക്കുന്നതാണ്. അങ്ങനെ പഴശ്ശിയിൽ നിന്നു വെള്ളം പമ്പു ചെയ്ത് അഞ്ചരക്കണ്ടിപ്പുഴയിലേക്ക് കൊണ്ടുവന്ന് ബലപ്പെടുത്തുന്നതിനുള്ള നടപടികളിലേക്കും ഗവൺമെന്റും നീങ്ങുകയാണ്. അപ്പോഴും ഈ നിലയിൽ എല്ലാനടപടികളും വിജയകരമായിത്തീരുമ്പോഴും കണ്ണൂരിനെ സംബന്ധിച്ചിടത്തോളം അവിടത്തെ പ്രശ്നം ശാശ്വതമായി പരിഹരിക്കപ്പെടുമെന്നുള്ളതിനെപ്പറ്റി യാതൊരു സംശയവുമില്ല. ഗവൺമെന്റ് ആത്മാർത്ഥമായി നടപടികളും സ്വീകരിക്കുന്നുണ്ടെന്ന് ഞാൻ അറിയിച്ചുകൊള്ളുന്നു.

2 സ്ത്രീധന സംബന്ധമായി വർദ്ധിച്ചുവരുന്ന സ്ത്രീപീഡനങ്ങളും

ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) : സർ, സ്ത്രീധനത്തിന്റെ പേരിൽ സ്ത്രീകളും അനുഭവിക്കുന്ന പീഡനങ്ങളും കൊലപാതകങ്ങളും അടിക്കടി വർദ്ധിച്ചുവരുന്നതുകൊണ്ട് അതിനു ഒരു പരിഹാര മാർഗ്ഗം കണ്ടുപിടിച്ച് നടപ്പിലാക്കേണ്ടതു ഒരു ഗവൺമെന്റിന്റെ കടമയായതുകൊണ്ടാണ് ഞാൻ ഈയവസരത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നത്. സർ, കഠിനഹൃദയരെപ്പോലും ഞെട്ടിപ്പിക്കുന്ന ഒട്ടനവധി സ്ത്രീ പീഡനങ്ങളുടേയും കൊലപാതകങ്ങളുടേയും കഥകളാണ് നാം പത്രങ്ങളിലും അല്ലാതെയും അറിഞ്ഞുകൊണ്ടിരിക്കുന്നത്. അടുത്ത കാലത്തായി ഇത്തരം വാർത്തകളും പത്രങ്ങളിൽ സർവ്വസാധാരണമായി തീർന്നിട്ടുണ്ട്. ഇനിയും കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റുകളും ഇത്തരം സംഭവങ്ങളുടെ നേരെ അലംഭാവത്തോടെ കണ്ണുംനട്ട് നോക്കിയിരുന്നാൽ മതിയോ എന്ന് ഗൗരവപൂർവ്വം ചിന്തിക്കേണ്ടിയിരിക്കുന്നു ? ഇത്തരം പീഡനങ്ങളും കൊലപാതകങ്ങളും കഴിയുന്നത്ര അവസാനിപ്പിക്കാനുള്ള നടപടികളും സ്വീകരിച്ച് സ്ത്രീകളെ രക്ഷിക്കേണ്ടതു ഉത്തരവാദിത്വമുള്ള ഒരു ഗവൺമെന്റിന്റെ കടമ മാത്രമാണ്. നമ്മുടെ രാജ്യത്ത് ജാതിമത പ്രാദേശിക വ്യത്യാസമില്ലാതെ എല്ലാ വിഭാഗം സ്ത്രീകളും സ്ത്രീധനത്തിന്റെ പേരിൽ പീഡനങ്ങളും അനുഭവിക്കേണ്ടി വരുന്നുണ്ട്. ഓരോ പത്തുപന്ത്രണ്ടു മണിക്കൂറിലും തലസ്ഥാന നഗരിയായ ന്യൂഡൽഹിയിൽ സ്ത്രീധനത്തിന്റെ പേരിൽ ഒരു മരണം വീതം നടക്കുന്നുവെങ്കിൽ മഹാരാഷ്ട്രയെപ്പോലുള്ള സംസ്ഥാനങ്ങളിലും ദിവസവും കുറഞ്ഞത് ഒരു സ്ത്രീ മരണമെങ്കിലും നടക്കുന്നുവെന്നുള്ള റിപ്പോർട്ടുകളുണ്ടുള്ളത്. കഴിഞ്ഞ ആറു വർഷത്തിനുള്ളിൽ ഇൻഡ്യയിൽ 2137 സ്ത്രീധന മരണങ്ങളും ഉണ്ടായിട്ടുണ്ടെന്നാണ് 1986 ജൂലൈ മാസത്തിൽ ബഹുമാനപ്പെട്ട കേന്ദ്ര ആഭ്യന്തര വകുപ്പ് സഹമന്ത്രി ശ്രീ. പി. ചിദംബരം ലോക്സഭയെ അറിയിച്ചത്. ഇത്തരം ദുരന്തങ്ങൾക്ക് മുൻപന്തിയിൽ നിൽക്കുന്നത് ഉത്തരപ്രദേശാണ്. എന്നാൽ മറ്റു സംസ്ഥാനങ്ങളും ഇക്കാര്യത്തിൽ ഒട്ടും പുറകിലല്ല. ആരോഗ്യ സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസ രംഗങ്ങളിലൊട്ടാകെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് മുൻപന്തിയിൽ നിൽക്കുന്ന നമ്മുടെ കൊച്ചു കേരളത്തിൽ ഇത്തരം പീഡനങ്ങളും കൊലപാതകങ്ങളും ഒട്ടും കുറവല്ലെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. പാലക്കാട്ടു ജില്ലയിൽ 1984-ൽ 647 സ്ത്രീ മരണങ്ങൾ ഉണ്ടായിട്ടുള്ളതായി റിപ്പോർട്ട് ഉണ്ട്. അതിൽ ഭൂരിഭാഗവും ദാമ്പത്യ സംബന്ധമായ കാരണങ്ങൾ മൂലം ഉണ്ടായിട്ടുള്ളതാണ്. മുഴിക്കുന്നത്ത് കുമാരൻ എന്ന ഏക സർവ്വീസുകാരന്റെ മകൾ സ്നേഹപ്രഭ രണ്ടായിരം രൂപ സ്ത്രീധനം കൊടുക്കാത്തതിന്റെ പേരിൽ പലപ്പോഴും പീഡനങ്ങൾക്ക് വിധേയയാവുകയും ഒടുവിൽ

LIBRARY ARCHIVES Kerala Legislative Assembly

ഗത്യന്തരമില്ലാതെ ആത്മഹത്യ ചെയ്യുകയുമാണുണ്ടായത്. ഇത്തരം എത്രയെത്ര ദുരന്തകഥകളാണ് നമ്മുടെ അറിഞ്ഞുകൊണ്ടിരിക്കുന്നത്. പൊതുവേ ജനസമൂഹത്തിന്റെ ധാരണ ഡൗറി എന്നത് സ്ത്രീധനം എന്നാണ്, മോഷ്ടാപരമായ അർത്ഥവും അതുതന്നെയാണ്. എന്നാൽ ഇന്ന് ഇന്ത്യയിൽ ഡൗറി എന്ന പദത്തിന്റെ അർത്ഥവും സ്ത്രീധനമെന്ന പദത്തിൽ ഒതുങ്ങുന്നില്ല. ഇൻഡ്യൻ പാർലമെന്റ് ഡൗറി എന്ന പദത്തിന് വ്യാപകമായ ഒരു അർത്ഥം കല്പിച്ചുകൊണ്ട് അതിനെ നിരോധിക്കാൻ നിയമം പാസ്സാക്കിയിട്ടുള്ളതാണ്. ഒരു പെൺകുട്ടിയെ കരുവാക്കി നിർത്തിക്കൊണ്ട് അവളിലൂടെ സമ്പത്തു കൊള്ളയടിക്കുന്ന പ്രക്രിയയ്ക്കാണ് ഡൗറി എന്നു പറയുന്നത്. അച്ഛനമ്മമാർക്കും ബന്ധുക്കൾക്കും തങ്ങളുടെ ഔദാര്യസന്തുഷ്ടിനത്തിന് എന്തുവേണമെങ്കിലും കൊടുക്കാം; അത് കുറ്റകരവുമല്ല. എന്നാൽ വിവാഹത്തിനു മുമ്പും വിവാഹാവസരത്തിലും ഇന്നതൊക്കെ കിട്ടിയാലേ വിവാഹം നടക്കൂ എന്ന് ശാഠ്യം ഉണ്ടായാൽ അതനുസരിച്ച് വഴങ്ങുവാനോ വഴങ്ങാതിരിക്കാനോ വധുവിന്റെ മാതാപിതാക്കളുടെ സാമ്പത്തിക സ്ഥിതിയനുസരിച്ച് ചെയ്യാം. എന്നാൽ വിവാഹത്തിനുശേഷം ആ പെൺകുട്ടിയുടെ ചാരുതയൊക്കെ അനുഭവിച്ചശേഷം ഇനി ഇന്നതൊക്കെ തന്നാലേ ദാമ്പത്യം തുടരാനാവൂ എന്ന നിശ്ചയത്തോടെ ക്രൂരമായ മർദ്ദനങ്ങൾക്കും പീഡനങ്ങൾക്കും വിധേയമാവുമ്പോഴാണ് സ്ത്രീകൾ കൊല്ലപ്പെടുകയും ആത്മഹത്യ ചെയ്യപ്പെടുകയും ചെയ്യുന്ന സംഭവങ്ങൾ ഉണ്ടാകുന്നത്. അത് ഒരു റൗഡിസം കൂടിയാണ്. ഈ റൗഡിസം നിയന്ത്രിക്കാനാണ് 1961-ൽ 28-ാം നിയമമായി ഡൗറി പ്രൊഹിബിഷൻ ആക്ട് നിലവിൽവന്നത്. എന്നിട്ടും ഈ ദുരന്തം അവസാനിപ്പിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതു കണ്ടതുകൊണ്ടാണ് 1985 ഒക്ടോബർ മാസം രണ്ടാം തീയതി പ്രാബല്യത്തിൽ വന്ന 68/84-ാം നമ്പർ ഭേദഗതി നിയമം മുമ്പുള്ള നിയമത്തെ കുറേക്കൂടി കർക്കശമാക്കിക്കൊണ്ട് നിലവിൽ വന്നത്. എന്നിട്ടും ഈ ദുരന്തം അവസാനിപ്പിക്കാൻ ഒരു ഫുൾപ്രൂഫ് സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. മഹാരാഷ്ട്ര വിജിലൻസ് കമ്മിറ്റികളും കർണ്ണാടകത്തിലെ ഫാമിലി കോർട്ടുകളും വിമൻസ് കോർട്ടുകളുമൊക്കെ തന്നെ പ്രശ്നത്തിന്റെ ഒരു വശത്തേക്ക് മാത്രമേ ശ്രദ്ധിക്കുന്നുള്ളൂ എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അതായത് ഒരു പെൺകുട്ടിയുടെ മരണത്തിനുശേഷം എടുക്കാവുന്ന നിയമനടപടികളെ മാത്രം. എന്നാൽ ഭർത്താവിന്റെയോ ഭർത്താവിന്റെ ബന്ധുക്കളുടേയോ ക്രൂരതയിൽ നിന്ന് ഒരു പെൺകുട്ടിയെ രക്ഷിക്കാൻ ഇൻഡ്യൻ പീനൽ കോഡിൽ പ്രത്യേകം ഒരു അദ്ധ്യായം പുതുതായി എഴുതിച്ചേർത്തിട്ടുണ്ട്. 498 (എ) എന്ന വകുപ്പ് 1983-ലെ 46-ാം വകുപ്പനുസരിച്ച് പാർലമെന്റിൽ കൊണ്ടുവന്നതാണ്. അതായത് പീഡനങ്ങൾക്ക് വിധേയയായ ഒരു സ്ത്രീയുടേയോ അവളുടെ രക്തബന്ധത്തിലുള്ള ബന്ധുക്കളുടെയോ പരാതിയുടെ അടിസ്ഥാനത്തിൽ ക്രൂരനായ ഭർത്താവിനേയും അയാളുടെ ബന്ധുക്കളേയും, ശിക്ഷണ നടപടികൾക്ക് വിധേയമാക്കാമെന്നാണ് ആ വകുപ്പ്. ആ വകുപ്പുപോലും കാര്യമായി കൈകാര്യം ചെയ്യാൻ ഇന്നു നമ്മുടെ സംസ്ഥാനം തയ്യാറാകുന്നില്ല. അതുകൊണ്ട് ഈ വിഷയത്തിൽ കേരളം മാതൃകാപരമായി ഒരു സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. പലവിധ സാമ്പത്തിക സാമൂഹിക കാര്യങ്ങളും പദ്ധതികളും ആവിഷ്കരിച്ച് ഭാരതത്തിനെന്നതന്നെ മാതൃകയായി തീർന്നിട്ടുള്ള നമ്മുടെ കേരളം ഈ വിഷയത്തിലും ക്രിയാത്മകമായ, ശക്തമായ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി ഈ അവസ്ഥയിൽനിന്നും എത്രയുംവേഗം സ്ത്രീകളേയും ബന്ധുക്കളെയും രക്ഷിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, 1985-ൽ ഈ നിയമം നടപ്പിലായതുമുതൽ ഇതിനകം ഏതാണ്ട് 51 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിൽ

LIBRARY ARCHIVES Kerala Legislative Assembly

രണ്ട് കൊലപാതകങ്ങളാണ്. ആ കൊലപാതകങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞു, ഒന്ന് വലപ്പാട് എന്ന സ്ഥലത്ത് ശോഭന എന്നു പറയുന്ന സ്ത്രീയെ ശ്രാവണൻ എന്നു പറയുന്ന അവരുടെ ഭർത്താവ് കൊലപ്പെടുത്തിയെന്നും രണ്ടാമത്തത് ചിറ്റാനിക്കര എന്നസ്ഥലത്ത് മേരി എന്നു പറയുന്ന സ്ത്രീയെ ടോമി എന്നു പറയുന്ന അവരുടെ ഭർത്താവ് കൊലപ്പെടുത്തിയെന്നുള്ളതുമാണ്. മറ്റു 37 കേസുകളിൽ സ്ത്രീധനത്തിന്റെ പേരിൽ സ്ത്രീകളെ ശല്യപ്പെടുത്തി അവരെ മർദ്ദിച്ചതിന്റെ പേരിലും മറ്റും അവർ ആത്മഹത്യ ചെയ്തതാണ്. 12 കേസ് ഇവരുടെ പീഡനങ്ങൾക്ക് വിധേയമായിട്ടുള്ളതാണ്. 51 കേസുള്ളതിൽ 50 കേസിലേയും പ്രതികളെ ഇതിനകംതന്നെ അറസ്റ്റ് ചെയ്തിട്ടുണ്ട്. അവരുടെ പേരിൽ പ്രോസിക്യൂഷൻ നടപടികളും തുടരുന്നുണ്ട്. ഇതിനിടെ നടന്ന ഒരു കേസിലെ പ്രതിയെ പിടികിട്ടിയില്ല. അയാളെ പിടിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരികയാണ്. സ്ത്രീധനപ്രശ്നം സംബന്ധിച്ച് ഇൻഡ്യയിലെ മൊത്തം സ്ഥിതിയിൽ നിന്ന് വ്യത്യസ്തമാണ് കേരളം. കേരളത്തിൽ അത്രയും ശതമാനം കൂടുതൽ ഇല്ലെങ്കിലും ഇവിടെയും അതിന്റെ പ്രവണതയുണ്ട്. റിപ്പോർട്ട് ചെയ്യപ്പെടാത്ത കേസുകളും ഉണ്ടാകുമെന്നാണ് കരുതേണ്ടത്. ഈ കേസുകളിലൊക്കെതന്നെ ശരിയായ നടപടികൾ സ്വീകരിക്കുന്നതിനുപുറമേ ഇൻഡ്യാ ഗവൺമെന്റ് പാസ്സാക്കിയ നിയമത്തിന്റെയടിസ്ഥാനത്തിൽത്തന്നെ നടപടികൾ സ്വീകരിക്കാൻവേണ്ടി പോലീസിന് കർക്കശമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ യാതൊരുവിധത്തിലുള്ള ദാക്ഷണ്യവും ഉണ്ടാകുകയില്ലെന്നു ഞാൻ അറിയിക്കുകയാണ്.

ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) : സർ, ഇപ്പോഴുള്ള നടപടികൾ കൊണ്ട് വേണ്ടത്ര ഫലം കാണുന്നില്ലെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഇത് അവസാനിപ്പിക്കുന്നതിന് ക്രിയാത്മകമായ ഒരു പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. കെ. കരുണാകരൻ : സർ, നിയമത്തിന്റെ സഹായത്തോടെ നിയന്ത്രിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷ. അതോടൊപ്പംതന്നെ പൊതുജനങ്ങളുടെ സഹകരണത്തോടുകൂടി ഇക്കാര്യത്തിൽ കൂടുതൽ എന്തെങ്കിലും ചെയ്യാൻ സാധിക്കുമോയെന്നുള്ള കാര്യവും പരിഗണിക്കുന്നതാണ്.

IV സബ്മിഷൻ

1. ശ്രീനാരായണഗുരു ജയന്തിദിനം പൊതുഒഴിവ് ആക്കണമെന്ന്

ശ്രീ. എൻ. ശ്രീനിവാസൻ : സർ, ശ്രീനാരായണ ഗുരുദേവന്റെ ജൻമദിനം കേരളത്തിലെ കേന്ദ്രഗവൺമെന്റ് ഓഫീസുകൾക്ക് പൊതുഒഴിവ് ദിവസമായി പ്രഖ്യാപിക്കണമെന്ന് നിരവധി നിവേദനങ്ങളിലൂടെ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളോട് ദീർഘകാലമായി ആവശ്യപ്പെട്ടുവരികയാണ്. ഇക്കാര്യത്തിൽ അനുകൂലമായ ഒരു തീരുമാനം കേന്ദ്രഗവൺമെന്റിൽ നിന്ന് പ്രതീക്ഷിക്കാമെന്ന് മുഖ്യമന്ത്രി കേരള ജനതയ്ക്കും ഗുരുഭക്തൻമാർക്കും പലതവണ ഉറപ്പുതന്നിട്ടുള്ളതുമാണ്. ശിവഗിരി തീർത്ഥാടന കനകജൂബിലിയോടനുബന്ധിച്ച് ഒരു സമ്മേളനത്തിൽവച്ച് താൻ മുഖ്യമന്ത്രിയായിരിക്കുമെങ്കിൽ ഗുരുജയന്തിദിവസം അവധി ദിവസമായി പ്രഖ്യാപിക്കുമെന്ന് മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ പ്രസ്താവന നടത്തി. എന്നാൽ ഗുരുജയന്തിയ്ക്കു

LIBRARY ARCHIVES Kerala Legislative Assembly